"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - ജീവനക്കാര്യം- മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി സാജിത. ഇ, ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 20555/2018 നമ്പർ ഹർജിയിന്മേലുള്ള 21.06.2024 ലെ കോടതി ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.325/2025/LSGD തീയതി,തിരുവനന്തപുരം, 03-02-2025

---

പരാമർശം:-

1. സ.ഉ(പി) നം.501/2005/ധന, തീയതി 25.11.2005
2. സഉ(സാധാ) നം 61/2010/ധന, തീയതി 09.02.2010
3. 20.02.2017-ലെ ഇപിഎ2 /348/2015/LSGD നമ്പർ സർക്കാർ കത്ത്
4. ശ്രീമതി സാജിത. ഇ, ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 20555/18 നമ്പർ ഹർജിയിന്മേലുള്ള 21.06.2024 ലെ ഉത്തരവ്.
5. ശ്രീമതി.സാജിത. ഇ യുടെ 30.07.2024 ലെ അപേക്ഷ.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.09.2024 ലെ DEF5-38953/2023/PAN നമ്പർ കത്ത്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയി ജോലി ചെയ്തു വരുന്ന ശ്രീമതി സാജിത.ഇ-യെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ടിയാളുടെ അപേക്ഷ പരിഗണിക്കാതെ ടി തസ്തികയിൽ എംപ്ലോയ്മെന്റ് മുഖേന ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തി തിരഞ്ഞെടുക്കുന്നതിന് തീരുമാനിച്ചതിനെതിരെ ശ്രീമതി സാജിത. ഇ ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന WP(C) 20555/18 നമ്പർ കേസിന്മേലുള്ള 21.06.2024 ലെ ഉത്തരവിൽ ഹർജികക്ഷി സർക്കാരിൽ സമർപ്പിക്കുന്ന വിശദമായ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടിയാളെ നേരിൽ കേട്ട് നിവേദനത്തിന്മേൽ തീരുമാനം എടുക്കുന്നതിന് പരാമർശം (4) പ്രകാരം ഒന്നാം എതിർ കക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

2. 01.09.2004 മുതൽ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയി ജോലി ചെയ്തു വരുന്നുവെന്നും സമാന സ്വഭാവമുള്ള കേസുകളിലെ മറ്റ് ജീവനക്കാർക്ക് സർക്കാർ സ്ഥിരനിയമനം നൽകിയിട്ടുണ്ടെന്നും അതിൻപ്രകാരം തനിക്കും സ്ഥിരനിയമനം

നൽകണമെന്നും തന്നെ നേരിൽ കേൾക്കണമെന്നും അപേക്ഷിച്ച് ശ്രീമതി. സാജിത. ഇ പരാമർശം(5) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. അപേക്ഷകയെ നേരിൽ കേട്ട വേളയിൽ, ടിയാൾ അവിവാഹിതയും വൃദ്ധരായ മാതാപിതാക്കളുടെ സംരക്ഷകയുമാണെന്നും, 2004 മുതൽ പഞ്ചായത്തിൽ ഡാറ്റാ എൻടി ജീവനക്കാരിയായി 179 ദിവസം സേവനത്തിലുണ്ടായിരുന്നുവെന്നും, പ്രസ്തുത കാലാവധിയ്ക്കു ശേഷം ടിയാളെ പ്രസ്തുത പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായും പഞ്ചായത്തിന്റെ ദൈനംദിന പ്രവൃത്തികളിൽ സഹായിക്കുന്നതിനുമായി നിയമിച്ചിരുന്നുവെന്നും, നിലവിലും അപ്രകാരം സേവനം ചെയ്തുവരുന്നുവെന്നും, 10 വർഷം കഴിഞ്ഞപ്പോൾ തന്നെ സ്ഥിരപ്പെടുത്താവുന്നതാണെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് ശുപാർശ ചെയ്തിട്ടുള്ളതാണെന്നും, എന്നാൽ അതിൻപ്രകാരം സർക്കാർ തീരുമാനമായിട്ടില്ലെന്നും, നിലവിൽ പാർട്ട് ടൈം തസ്തികയിലേയ്ക്ക് എംപ്ലോയ്മെന്റ് മുഖേന ഉദ്യോഗാർത്ഥികളിൽ നിന്നും ഇന്റർവ്യൂ നടത്താൻ തീരുമാനിച്ചിരിക്കുന്നതിനാൽ പ്രസ്തുത നടപടി നിർത്തിവച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പ്രസ്തുത ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം തസ്തികയിൽ തന്നെ സ്ഥിരപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി.

4. മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്തിന്റെ 19.08.2004 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം, സ്വീപ്പിങ് ഏരിയയിലെ വർദ്ധനവ് പരിഗണിച്ച് പഞ്ചായത്ത് ഓഫീസും പരിസരവും വൃത്തിയാക്കൽ, 2004-2005 വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഡാറ്റാ എൻട്രി, പെൻഷൻ മണിയോർഡർ ലിസ്റ്റ് തയ്യാറാക്കൽ, ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് ജോലികൾ നിർവഹിക്കൽ എന്നിവയ്ക്കായി കുമാരി സാജിത.ഇ-യെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നുവെന്നും, തുടർന്ന് പഞ്ചായത്തിലെ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരൻ 12.08.2008-ൽ ഫുൾ ടൈം സ്വീപ്പറായി സ്ഥാനക്കയറ്റം ലഭിച്ച് സ്ഥലം മാറിപ്പോയ സാഹചര്യത്തിൽ പ്രസ്തുത പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ആളെ നിയമിക്കുന്നത് വരെ ദിവസക്കൂലിയടിസ്ഥാനത്തിൽ ഓഫീസ് വൃത്തിയാക്കുന്നതിനായി ശ്രീമതി സാജിത.ഇ-യെ നിയമിക്കുന്നതിന് 19.08.2008-ലെ 5(9) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ 19.08.2008-ലെ എ3-3898/2008 നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിര നിയമനം നടത്തുന്നതുവരെ 179 ദിവസത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ ശ്രീമതി സാജിത-യെ നിയമിക്കുകയും ചെയ്തിരുന്നുവെന്നും, പിന്നീട് പ്രസ്തുത തസ്തികയിൽ ടിയാളെ സ്ഥിരപ്പെടുത്തുന്നതിനായി പഞ്ചായത്ത് സെക്രട്ടറി 2015 മുതൽ ശിപാർശ സമർപ്പിച്ചിട്ടുള്ളതാണെങ്കിലും ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശ ഉത്തരവുകളനുസരിച്ച് നിലവിലുള്ള ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനായി നിലവിലുണ്ടായിരുന്ന പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവ് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ റിപ്പോർട്ട് ചെയ്യുകയും അതിൻപ്രകാരം ലഭ്യമായ ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്ക് 26.04.2018 ൽ ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിനായി അറിയിപ്പ് നൽകുകയും ചെയ്ത സാഹചര്യത്തിൽ ഇപ്രകാരം എംപ്ലോയ്മെന്റ് മുഖേന നിയമനം നടത്തുന്നതിനെതിരെ

ടിയാൾ ബഹു. ഹൈക്കോടതി മുൻപാകെ WP(C) 20555/2018 നമ്പർ കേസ് ഫയൽ ചെയ്യുകയായിരുന്നുവെന്നും ബഹു. കോടതിയുടെ 21.06.2018-ലെ ഇടക്കാല ഉത്തരവ് പ്രകാരമാണ് ടിയാളെ പ്രസ്തുത തസ്തികയിൽ തുടരാൻ അനുവദിച്ചിട്ടുള്ളതെന്നും പരാമർശം (6) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2004-2005 വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഡാറ്റാ എൻട്രി, മണിയോർഡർ ലിസ്റ്റ് തയ്യാറാക്കൽ തുടങ്ങിയ ജോലികൾ നിർവ്വഹിക്കുന്നതിനായാണ് കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.08.2004-ലെ കമ്മിറ്റി തീരുമാന പ്രകാരം ശ്രീമതി സാജിതയെ 2004-ൽ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ നിയമിച്ചിരുന്നത്. പഞ്ചായത്ത് ഓഫീസിന്റെ വിപുലീകരണത്തോടു കൂടി കെട്ടിടത്തിന്റെ വിസ്തൃതി വർദ്ധിച്ചുവെങ്കിലും നിലവിലുണ്ടായിരുന്ന പാർട്ട് ടൈം തസ്തികയ്ക്ക് പുറമെ മറ്റ് തസ്തിക അനുവദിക്കാതിരുന്നതിനാൽ ശ്രീമതി. സാജിതയെ സ്വീപ്പിംഗ് ജോലിയ്ക്കും കൂടി നിയോഗിച്ചിരുന്നുവെങ്കിലും നിലവിൽ ഉണ്ടായിരുന്ന പാർട്ട് ടൈം സ്വീപ്പർ ഫുൾടൈം സ്വീപ്പറായി സ്ഥാനക്കയറ്റം ലഭിച്ച് സ്ഥലം മാറി പോയപ്പോഴുണ്ടായ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ശ്രീമതി സാജിതയെ 179 ദിവസം വരെ പ്രതിദിനം 120/- രൂപ നിരക്കിൽ 20.08.2008 മുതലാണ് നിയമിച്ചിട്ടുള്ളത്. ആയതിനാൽ ശ്രീമതി സാജിതയുടെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ നിയമനം ആരംഭിക്കുന്നത് 20.08.2008-മുതലാണ്. പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം 25.11.2005 തീയതിയിൽ സേവനത്തിലുണ്ടായിരുന്നതും 100 ച.മീറ്ററോ അതിൽ കൂടുതലോ സ്വീപ്പിംങ് ഏര്യ ഉള്ള ഓഫീസ് കെട്ടിടത്തിൽ കാഷ്വൽ/ദിവസവേതന/താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്ക്കരണത്തിന് അർഹരായിട്ടുള്ളത്.

6. ശ്രീമതി. സാജിതയുടെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഔപചാരിക നിയമനം 20.08.2008 മുതൽ മാത്രമായേ കണക്കാക്കാൻ സാധിക്കു എന്നതിനാലും പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചുള്ള പഞ്ചായത്തുകളിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നികത്തണമെന്നും ഗ്രാമപഞ്ചായത്തുകളിൽ അധിക തസ്തിക സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയുണ്ടെങ്കിൽ ആയതിന് പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം നടപടി സ്വീകരിക്കുവാൻ പരാമർശം(3) പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതിനോടൊപ്പം സ്ഥിരപ്പെടുത്തണമെന്ന ശ്രീമതി സാജിതയുടെ മുൻ അപേക്ഷ നിരസിച്ചിട്ടുള്ളത് പുനഃപരിശോധിക്കേണ്ട സാഹചര്യമില്ലാത്തതിനാലും മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ശ്രീമതി സാജിത.ഇ-യുടെ പരാമർശം (5) പ്രകാരമുള്ള അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. പരാമർശം (4) പ്രകാരമുള്ള ബഹു.കേരള ഹൈക്കോടതിയുടെ 21.06.2024 ലെ ഉത്തരവ് ഇപ്രകാരം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി. സാജിത ഇ, കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്, മലപ്പുറം(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, മലപ്പുറം(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്,മലപ്പുറം (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

(ഫയൽ നം. 139/ഇപിഎ2 /2018 /തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 03-02-2025 16:47:40